# നീലയും പച്ചയും

ജബ്ബാർ പെരിന്തൽമണ്ണ



**ജനനം**

ഉള്ളിൽ നീരും പുറത്ത് ആവിയുമായി
നീലത്തിരകളിലെ നാമ്പുകൾ
ആകാശത്തേക്ക് പിറന്ന് വീണു
സൂര്യച്ചൂടേറ്റ് ആവിത്തോടുകൾ
പൊള്ളിയടരുമ്പോഴും
പലമണ്ണിന് തണൽ വിരിച്ച്
മേഘക്കൂട്ടമായ് തെന്നിയൊഴുകി

**മരണം**

അവസാന ശ്വാസം വലിച്ച്
ഉള്ളിലെ നീരാത്മാവ്
ദേഹം വെടിഞ്ഞ്
വരണ്ട വിടവുകളിലൂടെ
നനുത്ത മണവും നൽകി
മണ്ണിലേക്ക് മരിച്ചിറങ്ങി

**മരണാനന്തരം**

വിത്തിലേക്കാവാഹിച്ച്
താഴേക്ക് വേരിറക്കി
മണ്ണ് പിളർത്തി
പച്ചിലത്തലപ്പായി വീണ്ടും... ■

# സമയം

ബിജു വളയന്നൂർ

ഇരുളിനെ
സ്വപ്നം കണ്ട്
ഉറങ്ങിയതിനാലാണത്രേ
രാത്രിയുടെ നിറം
കറുപ്പായത്.
ഒരുപാട് ദുഃഖം
ഉള്ളിൽ
ഒളിപ്പിച്ചതിനാലാണത്രേ
മഴയെന്നും
നിർത്താതെ
കരയുന്നത്.
അധികം ഓമനിച്ചു
വളർത്തിയിട്ടു
തന്നെയാണ്
സമയമൊരിക്കലും
നമ്മെ
അനുസരിക്കാതെ
വന്നത്... ■



# അൺടച്ചബിലിറ്റി

മുഹമ്മദ് ജംഷീദ്, പൂപ്പലം

ശക്തന്റെയും
സ്വാതിതിരുനാളിന്റെയും
കൊട്ടാരങ്ങൾക്കിപ്പോൾ
ഒരു പേരുണ്ട്.
ആർക്കിയോളജിക്കൽ മ്യൂസിയം.
അവിടെയോരോ ചില്ലുകൂട്ടിലും
എഴുതി വെച്ചിരിക്കും,
പ്ലീസ് ഡോൺട് ടച്ച്.
അതെ, ആ തലപ്പാവും
തുരുമ്പിച്ച വാളുമൊക്കെ
ഇന്നും
ഒരു തീണ്ടാപ്പാടകലെയാണ്. ■



# ഒരു വാക്ക്

നസീർ കെ.എച്ച്, കാതിയാളം

നിങ്ങൾ ചിരിക്കരുത്
ചിരിയുടെ വെളിച്ചം കവർന്നെടുത്ത്
വിലപേശാൻ കാവലാളുകൾ
കാത്തിരിക്കുന്നുണ്ട്
നിങ്ങൾ കരയരുത്
കണ്ണുനീർ മുത്തുകൾ വിറ്റ്
ആഘോഷങ്ങളൊരുക്കാൻ
ആരൊക്കെയോ പിന്നിലുണ്ട്
നിങ്ങൾ ചിന്തിക്കരുത്
ചിന്തകളുടെ നഗ്ന സത്യങ്ങളിൽ
വിഷം ചീറ്റുവാൻ
കാർക്കോടകന്മാർ ഒരുങ്ങിയിരിക്കുന്നു
നിങ്ങൾ കണ്ടത് ആരോടും പറയേണ്ട
കണ്ണുകൾ ചൂഴ്ന്നെടുത്ത് കാണിക്കവെക്കുവാൻ
കോമരങ്ങൾ വിളറി പൂണ്ട് അരികെയുണ്ട്
നിങ്ങൾ കേട്ടതായി ആരോടും മൊഴിയേണ്ട
കേൾവിയുടെ ശീലങ്ങളിൽ
വിധേയത്വചങ്ങലകളൊരുക്കി
ആൾരൂപങ്ങൾ അടുത്തെത്തിയിരിക്കുന്നു
നിങ്ങൾ സാന്ത്വനം കേട്ട് മയങ്ങരുത്
മാറിടത്തിൽ താഴ്ത്തുവാൻ മടവാളൊരുക്കി നൽകി
മാന്യന്മാർ മറയില്ലാതെ നിന്ന് ചിരിക്കുന്നുണ്ട്. ■